കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വലിയപറമ്പ ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി 9-2/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ് ജില്ല

തീയതി. 05.01.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-9-2 /2017 തിയ്യതി: 05.01.2017

കാസറഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ വലിയ92പറമ്പ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 30-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 3.12.2016 മുതൽ 13.12.2016 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | ധനജയൻ.റ്റി.എസ് | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | സുനിൽ കുമാർ. എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. പി.ശ്യാമള | 01.04.2015മുതൽ 31.10.2015വരെ |
| | ശ്രീ.എം.ടി അബ്ദുൾ ജബ്ബാർ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. അനിൽ കുമാർ.എൻ.എം | 01.04.2015 മുതൽ 06.08.2015 വരെ |
| | ശ്രീ.കെ.പി.ശ്രീധരൻ | 07.08.20150മുതൽ 29.02.20160വരെ |
| | ശ്രീ. അനിൽ കുമാർ.എൻ.എം | 01.03.2016മുതൽ 31.03.20160വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | കവിത.എം | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | അരവിന്ദൻ കൊട്ടാരത്തിൽ | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലതിക.പി.വി | 01.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ജാഫർ. | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | രവീന്ദ്രൻ.ടി.വി. | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സാബു.എം.യു | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ബേബി സുഭദ്ര | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.രാജ്മോഹൻ | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 928 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | കെട്ടിടത്തിന് തറവിസ്തീർണ്ണ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 2-1 |
| 12 | വസ്തു നികുതി കുടിശ്ശിക പിരിക്കുവാൻ അവശേഷിക്കുന്നു | 2-2 |
| 13 | പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ ലഭ്യമല്ല | 2-3 |
| 14 | രശീതി പിരിവ് – പൊതു അപാകതകൾ | 2-4 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-5 |
| 16 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം | 2-6 |
| | ഭാഗം 3 | |
| 17 | മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയത് നാളിതുവരെ ക്രമീകരിച്ചില്ല | 3-1 |
| 18 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-2 |
| 19 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കിയില്ല. | 3-3 |

| | | |
|---|---|---|
| 20 | തെരുവ് വിളക്ക് വാങ്ങൽ -സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല. | 3-4 |
| 21 | മത്സ്യതൊഴിലാളികൾക്ക് ഡിങ്കി വിതരണം -അനുബന്ധ രേഖകൾ അപൂർണ്ണം | 3-5 |
| 22 | കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വിതരണ വിവരങ്ങൾ ലഭ്യമല്ല | 3-6 |
| 23 | സമയപരിധിക്കുള്ളിൽപ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-7 |
| 24 | ജി.ഐ ഷീറ്റുപയോഗിച്ച് റൂഫിങ് -അധിക നിരക്ക് നൽകിയിരിക്കുന്നു | 3-8 |
| 25 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം അപാകതകൾ | 3-9 |
| 26 | വി.ഇ.ഒ.നിർവ്വഹണം നടത്തിയ പദ്ധതികൾ അപാകതകൾ | 3-10 |
| | ഭാഗം 4 | |
| 27 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 22/15 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 32,84,550 |
| വരവ് | 5,63,20,050 |
| ആകെ | 5,96,04,600 |
| ചെലവ് | 5,48,94,600 |
| നീക്കിയിരിപ്പ് | 47,10,000 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05-12-2016 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

1)2014-15 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

2) 2015-16 വർഷത്തെ വാർഷിക കണക്കുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ

ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

4)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ,ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല. ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

6)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7)ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8) കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 1,05,01,959 |
| വരവ് | 1,76,50,242 |
| ആകെ | 2,81,52,201 |
| ചെലവ് | 2,45,52,741 |
| നീക്കിയിരിപ്പ് | 35,99,460 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16,33,599 | 16,48,076 | + 26,13,244 | 58,94,919 | 58,94,919 | - |
| വികസനഫണ്ട് എസ്.സി.പി. | 4,48,810 | 12,60,264 | (-) 3,62,810 | 13,46,264 | 13,46,264 | - |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 60,994 | 14,02,135 | - | 14,63,129 | 14,63,129 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 7,05,588 | 14,35,181 | - | 21,40,769 | 21,40,769 | - |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9,96,871 | 31,12,811 | (-)11,26,904 | 29,82,778 | 29,82,778 | - |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 21,61,158 | 10,11,728 | (-)11,23,530 | 20,49,356 | 20,49,356 | - |
| ബി ഫണ്ട് | - | 1,18,64,811 | 0 | 1,18,64,811 | 1,18,64,811 | - |
| MGNREGA | 80,894 | 1,33,33,827 | 0 | 1,34,14,721 | 1,34,13,117 | 1,604 |

(* കുറിപ്പ്. 2015-16 സാമ്പത്തിക വർഷം മേൽ പരാമർശിച്ച ട്രഷറി അക്കൗണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ട് സമ്പ്രദായത്തിലേക്ക് മാറുകയും വാർഷിക കണക്കിൽ ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുള്ളതുമാണ്. (G.O.(P) No.419/2015/Fin dt.19-09-2015). ഇതു പ്രകാരം ഈ സമ്പ്രദായത്തിലേയ്ക്ക് മാറിയതിനുശേഷമുള്ള പ്രസ്തുത അക്കൗണ്ടുകളിലെ ചെലവ് തുക തന്നെയാണ് വരവായും (നീക്കിയിരിപ്പില്ലാത്തതിനാൽ) വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഇതു പ്രകാരമുള്ള ഫണ്ട് വിനിയോഗ സ്റ്റേറ്റ്മെന്റാണ് മുകളിൽ ചേർത്തിട്ടുള്ളത് .)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെശതമാനം |
|---|---|---|---|---|
| 116 | 98 | 2 | 18 | 97.95 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 39 | 67,25,802 | 34 | 56,98,684 | 84.72 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 42 | 67,99,075 | 34 | 49,34,862 | 72.58 |
| 4 | കൃഷി ഓഫീസർ. | 3 | 13,25,518 | 3 | 11,84,286 | 89.34 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 9 | 43,56,000 | 8 | 10,10,000 | 23.18 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 6 | 19,50,272 | 5 | 15,53,754 | 79.66 |
| 7 | വെറ്റിനറി സർജ്ജൻ | 3 | 10,44,025 | 3 | 9,45,285 | 90.54 |
| 8 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 4 | 7,38,640 | 1 | 3,64,100 | 49.29 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം. | 2 | 2,20,000 | 2 | 2,20,000 | 100 |
| 10 | പ്രധാനാധ്യാപകൻ. | 8 | 15,26,213 | 8 | 15,21,710 | 99.70 |
| | ആകെ | 116 | 2,46,85,545 | 98 | 1,74,32,684 | 70.61 |

## 1-7 തനത് വരുമാനം.

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28.34% ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത് .

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11,39,968 | 7,98,950 | (-) 3,41,018 | (-) 30 |
| നികുതിയേതര വരവുകൾ | 3,20,836 | 2,38,672 | (-) 82,164 | (-) 25.60 |
| മറ്റു വരവുകൾ | 3,05,984 | 2,28,347 | (-) 77,637 | (-) 25.37 |
| ആകെ | 17,66,788 | 12,65,969 | (-) 5,00,819 | (-) 28.34 |

തനത് നികുതി – നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5,14,560 | 323 |
| കർഷക തൊഴിലാളി പെൻഷൻ | 25,89,300 | 373 |
| വിധവാ പെൻഷൻ | 59,01,560 | 690 |
| വാർദ്ധക്യകാല പെൻഷൻ | 9,51,900 | 245 |
| വികലാംഗ പെൻഷൻ | 14,48,430 | 189 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,96,560 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-12-2016 ന് (3.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

10,458 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.11.2016 to 19.11.2016 | 2016 സെപ്തംബർ & ഒക്ടോബർ | 19-11-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടത്തിന് തറവിസ്തീർണ്ണത്തിനനുസരിച്ച് വസ്തു നികുതി നിശ്ചയിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ എ. 4-3147/11 തീയ്യതി 21.01.2012 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ഒരു ചതുരശ്ര മീറ്ററിന് 500 രൂപയാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന മൊബൈൽ ടെലിഫോൺ ടവറിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കുമ്പോൾ ഒരു ചതുരശ്ര മീറ്ററിന് 500 രൂപയ്ക്ക് പകരം 400രൂപ നിരക്കിൽ നികുതി നിശ്ചയിച്ചതിനാൽ വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക | 31.03.2016 വരെ നഷ്ടം വന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | | |
| VP/TCT/IX/I , Assement dt-01.04.2013 | 25 X 400= 10000 | 20%= 2000 | 10%= 1000 | 11000 | 25X 500= 12500 | 20%= 2500 | 10%= 1250 | 13750+ LC | 2,750+LC | 3x2750= 8,250 |
| VP/TCT/111/I , Assement dt-01.04.2015 | 9 X 400= 3600 | 20%= 720 | 10%= 360 | 3960 | 18.5X 500= 9250 | 20%= 1850 | 10%= 925 | 10175+ LC | 6,215+LC | 6,215 |
| ആകെ | | | | | | | | | | 14,465 |

വസ്തു നികുതിയിനത്തിൽ കുറവു വന്ന 14,465 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ തുടർന്നുള്ള വർഷങ്ങളിലെ നികുതി പുതുക്കി ക്രമീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.9 /09.12.2016).

## 2-2 വസ്തു നികുതി കുടിശ്ശിക പിരിക്കുവാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും വ്യക്തമായ നടപടികൾ സ്വീകരിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ തൻവർഷ, കുടിശിക ഡിമാന്റ്, പിരിവ് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| തൻവർഷ ഡിമാന്റ് | കുടിശിക ഡിമാന്റ് | തൻവർഷ കളക്ഷൻ | കുടിശിക കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| 6,86,376 | 97,284 | 3,43,248 | 62,612 | 3,43,128+ 34,672= 3,77,800 |

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഗാർഹികം, ഗാർഹികേതരം എന്നി ഹെഡുകളിൽ തരംതിരിച്ചല്ല വസ്തുനികുതി അക്കൗണ്ട് ചെയ്തിട്ടുള്ളത്. കൂടാതെ അസസ്സ്മെന്റ് രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. അതിനാൽ ഗാർഹികേതര കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നതിൽ കുറവ് വരുന്നതിന് സാധ്യതയുണ്ട്. കൂടാതെ, സഞ്ചയ സോഫ്റ്റ് വെയർ മുഖാന്തിരമുള്ള ഡേറ്റാ എൻട്രിയും മാപ്പിംഗും നടത്തിയിട്ടില്ലാത്തിനാൽ സാംഖ്യ സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കുന്നതിനും സാധിച്ചിട്ടില്ല.

## 2-3 പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ ല്ഭ്യമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218(1) പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭാവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരുന്നവ ഉൾപ്പെടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയവ കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങളിലെ ചട്ടം.3(1) പ്രകാരം സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചോയുള്ള വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്.

ആയതിനാൽ നിയമപരമായി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാകേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 രശീതി പിരിവ് പൊതു അപാകതകൾ

1) നികുതി പിരിവിനായി വിതരണം ചെയ്യുന്ന രശീതി ബുക്കുകളിൽ പേജുകളുടെ എണ്ണം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

2)രശീതി ബുക്കുകളിലെ റദ്ദാക്കിയ താളുകൾ സെക്രട്ടറി , കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ റദ്ദാക്കിയ താഴെ കൊടുത്തിരിക്കുന്ന രസീതികളിൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| രശീതി നമ്പർ | തിയ്യതി | ഇനം |
|---|---|---|
| 20473/02 | 21-05-16 | കെട്ടിട നികുതി |
| 20479/27 | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | കെട്ടിട നികുതി |
| 32319/54 | 21-11-16 | കെട്ടിട നികുതി |
| 20476/36 | 22-06-16 | കെട്ടിട നികുതി |
| 20480/42 | 20-09-16 | കെട്ടിട നികുതി |
| 5803/98 | 27-10-16 | കെട്ടിട നികുതി |
| 32322/24 | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | കെട്ടിട നികുതി |
| 32322/25 | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | കെട്ടിട നികുതി |

3)റദ്ദാക്കിയ രശീതികൾക്ക് ശേഷം തുടർന്ന് വരുന്ന രശീതികളിലൊന്നും തന്നെ പ്രസ്തുത നികുതി ദായകർ നികുതി അടവാക്കിയതിന്റെ വിവരം ലഭ്യമല്ല. ഇക്കാരണത്താൽ ഇവർ യഥാർത്ഥത്തിൽ നികുതി അടവാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.ഇക്കാര്യം പരിശോധിച്ച് റദ്ദാക്കപ്പെടുന്ന രശീതികളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4) ഫ്രണ്ട് ഓഫീസ് വഴി നികുതി പിരിക്കുമ്പോൾ സാംഖ്യ രസീതികൾക്ക് പകരം മാനവൽ രശീതി ബുക്കുകളാണ് നിലവിൽ ഉപയോഗിച്ച് വരുന്നത് (ഏപ്രിൽ 2016 മുതൽ 2016 നവംബർ വരെ). സാംഖ്യ സോഫ്റ്റ് വെയർ സാങ്കേതിക തകരാർമൂലം പ്രിന്റ് എടുക്കാൻ സാധിക്കാത്തതിനാൽ മാനവലായി രസീതുകൾ നൽകുകയും പിന്നീട് ഇന്ററപ്റ്റ് രസീതുകൾ മുഖേന സാംഖ്യയിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നതെന്ന് അധികൃതർ വിശദീകരിക്കുകയുണ്ടായി. ഐ.കെ.എം സാങ്കേതിക വിദഗ്ദരുടെ ശ്രദ്ധയിൽപ്പെടുത്തി സാംഖ്യ പ്രവർത്തനക്ഷമമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി പിരിവിലും രേഖകളുടെ സൂക്ഷിപ്പിലും ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) വിവിധ സ്ഥാപനങ്ങളിലെ അംഗപരിമിതരായ ജീവനക്കാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിൽ ഇളവ് നല്കുന്നുണ്ടെങ്കിലും ആയതിന് അടിസ്ഥാനമാക്കേണ്ട സർട്ടിഫിക്കറ്റുകൾ രേഖകൾ തൊഴിൽ നികുതി പത്രികകളോടൊപ്പം ഉൾപ്പെടുത്തിക്കാണുന്നില്ല.ഇത്തരത്തിൽ ഇളവുകൾ നൽകുമ്പോൾ ജീവനക്കാരുടെ അർഹത ഉറപ്പാക്കേണ്ടതാണ്.

2) ചില സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകളിൽ ജീവനക്കാരുടെ ശമ്പളവിവരങ്ങൾ ഭാഗീകമായി മാത്രമേ ഉൾപ്പെടുത്തിക്കാണുന്നുള്ളു. ചില ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ, ഉത്സവബത്ത തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തിക്കാണുന്നില്ല. തൊഴിൽ നികുതി റിട്ടേണുകളിൽ ശമ്പള വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുവാൻ എല്ലാ ഓഫീസ് തലവൻമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204 & 1996 ലെ കോരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 14,16)

3)വിവിധ സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തേയ്ക്ക് ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 2,975/-രൂപ ഓഡിറ്റ് വേളയിൽ നിർദ്ദേശിച്ചതനുസരിച്ച് രശീത് നമ്പർ 32326/31,32,35,36 തിയതി .09-12-16 എന്നിവ പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്

## 2-6 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്.പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം,കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും, FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും മുൻകൂർ യാത്രാ ബത്തയിനത്തിൽ 15,000രൂപ കൈപ്പറ്റിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്നിൽ ആർട്ടിക്കിൾ 53(e) യിലെ നോട്ട് ഒന്ന് പ്രകാരം മുൻകൂർ യാത്രാബത്തയിനത്തിൽ കൈപ്പറ്റിയ തുകകൾ മൂന്ന് മാസത്തിനുള്ളിൽ യാത്രാബത്ത ബിൽ തയ്യാറാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്വാൻസ് തുകകൾ അടുത്ത ശമ്പള ബില്ലിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ യാത്രാ ബത്ത അഡ്വാൻസ് ഇനത്തിൽ ചുവടെ ചേർത്ത പ്രകാരം കൈപ്പറ്റിയ തുകകൾ നാളിതുവരെ ക്രമീകരിച്ചു കാണുന്നില്ല . ഇക്കാര്യം പരിശോധിച്ച് മുൻകൂർ യാത്രാ ബത്തയിനത്തിൽ കൈപ്പറ്റിയ തുകകൾ ക്രമീകരിക്കുകയോ, തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്. മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പേര് ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | പി.ശ്യാമള, പ്രസിഡന്റ് | 1000 | 21500031/21-04-15 |
| 2 | ടി.വി.രവി, വൈസ് പ്രസിഡന്റ് | 1000 | |
| 3 | പ്രമോദ് പി, സ്ഥിരം സമിതി അദ്ധ്യക്ഷൻ | 1000 | |
| 4 | സിന്ധു.കെ ,സ്ഥിരം സമിതി അദ്ധ്യക്ഷൻ | 1000 | |
| 5 | ഉസ്മാൻ പണ്ട്യാല, മെമ്പർ | 1000 | |

| | | | |
|---|---|---|---|
| 6 | പി.ശ്യാമള ,പ്രസിഡന്റ് | 1000 | ചെ.നം1748/ 03-07-15 |
| 7 | പ്രമോദ്. പി, സ്ഥിരം സമിതി അദ്ധ്യക്ഷൻ | 1000 | |
| 8 | ഉസ്മാൻ പണ്ഡ്യാല ,മെമ്പർ | 1000 | 21500200/08-07-15 |
| 9 | അനിൽ കുമാർ എൻ.എം | 1000 | 21500047/02-05-15 |
| 10 | പി.ശ്യാമള ,പ്രസിഡന്റ് | 1000 | 21500126/15-06-15 |
| 11 | ഹെഡ്ക്ലാർക്ക് | 1000 | 21500127/15-06-15 |
| 12 | പ്രസിഡന്റ് | 1000 | ചെ.നം.2670/05-12-15 |
| 13 | ബൈജു.പി.വി (സി.ക്ലാർക്ക്) | 1000 | 21500645/16-01-16 |
| 14 | കോമളവല്ലി (അക്കൗണ്ടന്റ് ) | 1000 | 21500679/04-02-16 |
| 15 | പ്രസിഡന്റ് | 1000 | 21500694/18-02-16 |
| | ആകെ | 15,000 | |

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2014-15 വർഷം യാത്രാബത്ത മുൻകൂർ ഇനത്തിൽ ചെലവഴിച്ച 18,750 രൂപയും നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. പ്രസ്തുത തുകയും ക്രമീകരിക്കുകയോ, തിരികെ ഈടാക്കുകയോ ചെയ്ത് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-2 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർ 21,97,550 രൂപ മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച് തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി/ | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം. 98/16<br>ലൈൻ എക്സ്റ്റൻഷൻ- പട്ടേൽ കടപ്പുറം മുതൽ തെക്കോട്ട്. | Bill.No.37/ 17-11-15 | 33,367 | KSEB Ele. -Section Trikaripur |
| 2 | സെക്രട്ടറി | പ്രൊ.നം. 55/16<br>ലൈൻ എക്സ്റ്റൻഷൻ- സി.എച്ച്.ബീച്ച് റോഡ് മുതൽ അമ്പലം വരെ | Bill.No.38/ 17-11-15 | 99,343 | KSEB Ele.-Section Trikaripur |
| 3 | സെക്രട്ടറി | പ്രൊ.നം. 105/16<br>ലൈൻ എക്സ്റ്റൻഷൻ KGB- കൃഷിഭവൻ | Bill.No.53/ 19-01-16<br>Bill.No.63/ 23-02-16 | 1,00,000<br>8,840 | KSEB Ele.-Section Trikaripur |

| | | | | | |
|---|---|---|---|---|---|
| 4 | സെക്രട്ടറി | പ്രൊ.നം. 114/16 തെരുവ് നായ പ്രജനന നിയന്ത്രണം | 52/19-01-16 | 2,00,000 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| 5 | സെക്രട്ടറി | പ്രൊ.നം.113 /16 ജില്ലാ പ്ലാനിങ്ങ് ഓഫീസ് കെട്ടിടം പഞ്ചായത്ത് വിഹിതം | 5/16-06-15 | 1,21,000 | ജില്ലാ പ്ലാനിങ്ങ് ഓഫീസർ കാസറഗോഡ് |
| 6 | വി.ഇ.ഒ | പ്രൊ.നം. 33/16 IAYവിഹിതം നൽകൽ (ജനറൽ) | Bill.No.1 / 14-07-15 | 40,000 | ബ്ലോക്ക് പഞ്ചായത്ത് നീലേശ്വരം |
| 7 | വി.ഇ.ഒ | പ്രൊ.നം. 10/16 IAYവിഹിതം നൽകൽ (ജനറൽ) | Bill.No.5 / 28-01-16 | 2,60,000 | ബ്ലോക്ക് പഞ്ചായത്ത് നീലേശ്വരം |
| 8 | വി.ഇ.ഒ | പ്രൊ.നം. 13/16 IAYവിഹിതം നൽകൽ (എസ്.സി) | Bill.No.6 / 28-01-16 | 1,60,000 | ബ്ലോക്ക് പഞ്ചായത്ത് നീലേശ്വരം |
| | | | Bill.No.10 / 30-03-16 | 88,000 | |
| | | | Bill.No.11 / 30-03-16 | 12,000 | |
| 9 | ഹെഡ്മാസ്റ്റർ | എസ്.എസ്.എ പഞ്ചായത്ത് വിഹിതം | Bill.No.3 / 21-10-15 | 57,144 | ജില്ലാ പ്രൊജക്ട് ഓഫീസർ എസ്.എസ്.എ കാസറഗോഡ് |
| | | | Bill.No.4 / 21-10-15 | 7,17,856 | |
| 10 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | NPRPD പഞ്ചായത്ത് വിഹിതം | Bill.No.4 / 28-12-15 | 1,07,506 | സെക്രട്ടറി ജില്ലാ പഞ്ചായത്ത് കാസറഗോഡ് |
| | | | Bill.No.5/ 28-12-15 | 1,92,494 | |
| | | | ആകെ | 21,97,550 | |

## 3-3 കമ്പ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയത് - ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

(നിർവ്വഹണം - സെക്രട്ടറി.)

ഓഡിറ്റ് വർഷം വിവിധ പദ്ധതികളിലുൾപ്പെടുത്തി , സെർവ്വർ കമ്പ്യൂട്ടർ, ക്ലയന്റ് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ഇൻവെർട്ടർ, തുടങ്ങിയ ഉപകരണങ്ങൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെ സ്പെസിഫിക്കേഷൻ സാക്ഷ്യപ്പെടുത്തി ഐ.കെ.എം സാങ്കേതിക വിധഗർ നൽകുന്ന ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി ഐ.കെ.എം നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് കാണുന്നുമില്ല. ഗ്രാമ പഞ്ചായത്തിലേയ്ക്ക് സെർവ്വർ കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നാണ് വാങ്ങിയിട്ടുള്ളതെങ്കിലും, പ്രൊ.നം121/15 പ്രകാരം 2,68,900 രൂപ വിനിയോഗിച്ച് പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് പഞ്ചായത്ത് ഓഫീസിലേയ്ക്ക് മൂന്ന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത്. 03.07.2012 ലെ (സാധാ)1838/2012/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക - 7 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ.കെ.എം.നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെൻഡറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ ഉത്തരവ് (സാധാ)159/2012/ത.സ്വ.ഭ.വ തിയ്യതി 16.01.2012, ഖണ്ഡിക 3(ii) റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രസ്തുത പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്. ഇതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

ഐ.കെ.എം സാങ്കേതിക വിധഗർ നൽകുന്ന ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് , ഐ.കെ.എം നിർദ്ദേശിച്ചിട്ടുള്ള മാതൃകയിലുള്ള പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ ഭാവിയിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 തെരുവ് വിളക്ക് വാങ്ങൽ -സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമല്ല

(നിർവ്വഹണം -സെക്രട്ടറി )

പ്രോജക്ട്.നം.125/15-16 പ്രകാരം എൽ.ഇ.ഡി തെരുവ് വിളക്ക് വാങ്ങുന്നതിനായി 5,17,930 രൂപ (ട്രഷറി ബിൽ.നം.75 തിയതി.29-03-16 ₹ 3,17,930 & ബിൽ.നം.76 തിയതി.29-03-16 ₹2,00,000) ക്രൂസിന് നൽകിയിട്ടുണ്ട് . ഇതു പ്രകാരം 137 തെരുവ് വിളക്കുകളാണ് വാങ്ങിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ വാർഡ് മെമ്പർമാർ (വാർഡ് മൂന്നൊഴികെ) തെരുവ് വിളക്കുകൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽപ്രകാരം നൽകിയ 5.17 ലക്ഷം രൂപയിൽ 13,700 രൂപ ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ ക്രൂസ്സിന് നൽകിയിട്ടുള്ളതുമാണ്. എന്നാൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് ക്രൂസ് അധികൃതരോ, ഗ്രാമപഞ്ചായത്ത് അംഗങ്ങളോ സാക്ഷ്യപത്രം നൽകിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് മുഴുവൻ വാർഡുകളിലും തെരുവ് വിളക്ക് സ്ഥാപിച്ചത് സംബന്ധിച്ച് ക്രൂസ് അധികൃതരിൽ നിന്നും, കെ.എസ്.ഇ.ബി അധികൃതരിൽ നിന്നും, ഇലക്ട്രിക് പോസ്റ്റ് നമ്പർ സഹിതമുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് . ആയതുവരെ മേൽ പ്രകാരം വികസനഫണ്ട് , ധനകാര്യക്കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും ചെലവഴിച്ച 5,17,930 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 മത്സ്യത്തൊഴിലാളികൾക്ക് ഡിങ്കി വിതരണം അനുബന്ധരേഖകൾ അപൂർണ്ണം

(നിർവ്വഹണം - സെക്രട്ടറി)

2015-16 വർഷം സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ മത്സ്യത്തൊഴിലാളികൾക്ക് ഡിങ്കി വിതരണം എന്ന പദ്ധതി പ്രകാരം (പ്രൊജക്റ്റ് നമ്പർ. SO. 43/16) 3,28,900 രൂപ ട്രഷറി ബിൽ നമ്പർ 30/ 14-10-15 പ്രകാരം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃ വിഹിതമിനത്തിൽ 3,28,900രൂപയും ചെലവഴിച്ചിട്ടുണ്ട് .പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത രേഖകളുടെ അഭാവം ശ്രദ്ധയിൽപ്പെടുകയുണ്ടായി

1)ഗുണഭോക്താക്കൾ യഥാർത്ഥ മത്സ്യത്തൊഴിലാളികളാണെന്ന് തെളിയിക്കുന്ന തിരിച്ചറിയൽ രേഖകൾ

2)വാർഷിക വരുമാനം 50,000 രൂപയിൽ കുറവാണെന്ന് തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ്

3)പദ്ധതി പ്രകാരം 26 ഗുണഭോക്താക്കൾക്കാണ് ഡിങ്കി നൽകിയിട്ടുള്ളത് . ഹാജരാക്കിയ കൈപ്പറ്റ് രസീതുകളിൽ പി.പവിത്രൻ എന്നയാളുടെ പേരിൽ രണ്ട് കൈപ്പറ്റ് രസീതികൾ കാണുന്നു. കൂടാതെ ഗുണഭോക്താക്കൾ സമർപ്പിച്ച മുദ്രപ്പത്രങ്ങളിൽ എഗ്രിമെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. കൃത്യമായ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4) ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയിൽ ഇതേ ആനുകൂല്യം പ്രസ്തുത ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (ഫിഷറീസ് അധികൃതർ, പഞ്ചായത്തധികൃതർ എന്നിവർ നൽകുന്നത്) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് റിക്വിസിഷൻ.നം.8 തിയതി.09-12-16 പ്രകാരം മേൽ ന്യൂനതകൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച രേഖകൾ വിശദീകരണങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ വികസനഫണ്ടിൽ നിന്നും നടത്തിയ 3,28,900രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ -വിതരണ വിവരങ്ങൾ ലഭ്യമല്ല

(നിർവ്വഹണം -സെക്രട്ടറി)

പ്രൊജക്റ്റ്.നമ്പർ.126/15-16 പ്രകാരം കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചർ വിതരണ പദ്ധതിപ്രകാരം വിവിധ ഫർണിച്ചറുകൾ വാങ്ങിയ വകയിൽ 1,30,500 രൂപ ഡി.ഡി.നം 610425/31-03-16 പ്രകാരം ധന്യ ഫർണിച്ചർ വേൾഡ് ചെറുവത്തൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. . ഗ്രാമ പഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്ററിൽ ഇവയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കമ്മ്യൂണിറ്റി ഹാൾ അധികൃതർക്ക് ഇവ വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ / കൈപ്പറ്റ് രസീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല . ഇക്കാര്യം പരിശോധിച്ച് പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചർ കമ്മ്യൂണിറ്റി ഹാളുകൾക്ക് നൽകിയത് സാധൂകരിക്കുന്ന കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

അസി.എഞ്ചിനീയർ കരാറുകാർ മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികൾ അനുവദിച്ച സമയ പരിധിക്കുള്ളിൽ പൂർത്തികരിക്കുകയോ താമസിച്ച് പൂർത്തയാക്കിയതിന് കരാർ പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. താമസിച്ച് പ്രവർത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ കരാർപ്രകാരം ആദ്യ മൂന്ന് മാസത്തിന് പ്രതിമാസം കരാർതുകയുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ മൂന്നു മാസത്തിനും പ്രതിമാസം 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പിഴ ഈടാക്കാത്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ

താഴെ ചേർക്കുന്നു.

| ക്രമനം | പ്രവർത്തിയുടെ പേര്.നം | കരാർതുക | പൂർത്തീകരിക്കേണ്ട തീയതി/പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|
| 1 | മാടക്കൽ സ്വാമി മഠത്തിന് കിഴക്കോട്ട് ഓവു ചാൽ നിർമ്മാണം.35/15 | 1,34,649 | 31.01.15/20.05.15 | 3മാസം 20ദിവസം |
| 2 | മാടക്കൽ ജി.എൽ.പി.എസ് കഞ്ഞിപ്പുര അറ്റകുറ്റപ്പണി.87/16 | 2,04,301 | 30.03.15/26.05.15 | 1മാസം26 ദിവസം |
| 3 | ഇടയിലക്കാട് കുടുംബക്ഷേമ ഉപകേന്ദ്രം.19/16 | 99,962 | 28.02.15/19.05.15 | 2മാസം 19ദിവസം |
| 4 | വലിയപറമ്പ് പി.എച്ച്.സി അറ്റകുറ്റപ്പണി.27/15 | 2,99,393 | 28.02.15/18.02.16 | 11മാസം18 ദിവസം |

താമസിച്ച് പൂർത്തീകരിച്ച പ്രവൃത്തികൾക്ക് മുകളിൽ സൂചിപ്പിച്ച നിരക്കിൽപിഴ ഈടാക്കേണ്ടതാണ്.

## 3-8 GI ഷീറ്റുപയോഗിച്ചുള്ള റൂഫിംഗ്- അധിക നിരക്ക് നൽകിയിരിക്കുന്നു.

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ,GI ഷീറ്റുപയോഗിച്ചുള്ള റൂഫിംഗ് -Roofing with G.I colour coated trafford sheets 0.35mm thick or nearest available thickness with overlaps of 150 mm at ends and G.I hook or crank G.I bolts and nuts including plain washers and bitumin washers etc complete എന്ന ഇനത്തിന് അധിക നിരക്ക് അനുവദിച്ചിട്ടുള്ളതായി കാണുന്നു.

CPWD ഡേറ്റായുടെയും DSR 2014 ന്റെയും അടിസ്ഥാനത്തിൻ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയിരിക്കുന്ന പ്രവൃത്തിയാണിത്. കാസറഗോഡ് ജില്ലയിലെ കോസ്റ്റ് ഇൻഡക്സ് 30.48% ആണ്. ഒബ്സേർവ്ഡ് ഡേറ്റായുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഇനത്തിന് നിരക്ക് അനുവദിച്ചിരിക്കുന്നത്. ഈ ഇനത്തിന് താഴെപ്പറയും പ്രകാരം₹514.80/m2 മാത്രമാണ് അനുവദിക്കാവുന്ന നിരക്ക്. എന്നാൽ ₹674.39/m2 നിരക്കിൽ തുക അനുവദിച്ചിരിക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| 132 | Roofing with G.I trafford profile sheet 0.35 mm thick , powder coated with overlaps of 150mm at ends and SS screws including plain washers and bitumen washers etc. complete | | | | | |
| | **Modified 12.1.3 A** | Data for 10 M2 | | | | |
| MR | G.I tarfford profile sheet 0.35 mm thick | 1M2 | 11.500 | 269.10 | 3,094.65 | |
| 8210 | Stainless steel screws 50 mm | 100 Nos | 12.000 | 260.00 | 31.20 | |
| 1208 | Bitumen washer | 100 Nos | 24.000 | 30.00 | 7.20 | |
| | LABOUR: | | | | | |
| 112 | Carpenter 2nd class | Day | 1.350 | 399.00 | 538.65 | |
| 114 | Beldar | Day | 1.350 | 329.00 | 444.15 | |
| | | | | **Total** | **4,115.85** | |
| | | | | Market rate = | 3094.65 | |
| | | | Add water charges 1% | | 30.95 | |
| | | | Total | | **3,125.60** | **A** |
| | | | | Total excluding Market rate= | 1021.20 | |
| | | | Add water charges 1% | | 10.21 | |

| | | | | | | |
|---|---|---|---|---|---|---|
| | | | Total | | **1,031.41** | **B** |
| | For 10 Sq.M with Cost Index (A+1.3048B) | | | | 4476.60 | |
| | | | Add CPOH 15% | | 671.49 | |
| | | | | **Total** | **5,148.09** | |
| | Rate without CP | For 1 Sq.M with Cost Index (1.3048) | | | **447.70** | |
| | Rate with CP | For 1 Sq.M with Cost Index (1.3048) | | | **514.80** | |

പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്,പ്രൊജക്ട്.നം | അളവ് ബുക്ക് നം/ഇനം നം/ ചെയ്ത പ്രവൃത്തിയുടെ അളവ് | അനുവദിച്ച തുക₹ | അനുവദിക്കാവുന്ന തുക₹ | അധികം നൽകിയ തുക₹ |
|---|---|---|---|---|---|
| 1 | ജി.എൽ.പി.സ്കൂൾ മാടക്കൽ,71/16 | 4/15-16/5<br>59.50 m2 | 59.50X674.39=<br>40,126.21 | 59.50X514.80=<br>30,630.6 | 9,495.61 |
| 2 | പബ്ലിക് ക്രമറ്റോറിയം പടന്നകടപ്പുറം.<br>90/16 | 21/15-16/9<br>28.81 m2 | 28.81X674.39=<br>19,429.18 | 28.81 x514.80=<br>14,831.388 | 4,597.79 |
| 3 | മാടക്കൽ ആയുർവേദാശുപത്രി.67/16 | 16/15-16/5<br>52 m2 | 52.x674.39=<br>35,068.28 | 52X514.80=<br>26,769.6 | 8,298.68 |
| ആകെ | | | | | 22,392.08 |

അധികം നൽകിയ ₹ 22,392/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-9 വിദ്യാർഥികൾക്ക്(എസ് സി)ലാപ് ടോപ്പ് വാങ്ങി നൽകിയ പദ്ധതി-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് പഠന ആവശ്യത്തിനായി ലാപ് ടോപ്പ് വിതരണം ചെയ്യുന്നതാണ് പ്രസ്തുത പദ്ധതി.

A)ഹയർസെക്കണ്ടറി കുട്ടികൾക്ക് ലാപ്പ് ടോപ്പ് നൽകൽ(sc)

പ്രൊജക്ട് നം- എസ്.ഒ.05/ 2015-16 , നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

അടങ്കൽ- 3,50,000 രൂപ (വികസന ഫണ്ട് -scp)

ചെലവ്- ബില്ല് നം-5/ dt 22.12.2015, 3,33,690 രൂപ.

B) SC കുട്ടികൾക്ക് ലാപ്പ് ടോപ്പ്, കമ്പ്യൂട്ടർ വിതരണം

പ്രൊജക്ട് നം- എസ്.ഒ.116/ 2015-16 , നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

അടങ്കൽ- 1,25,000 രൂപ (വികസന ഫണ്ട് )

ചെലവ്- ബില്ല് നം-7/ dt 09.02.2016, 99,340 രൂപ.

രണ്ട് പദ്ധതികളും നടപ്പാക്കിയതിലെ പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1)ജി.ഒ.ആർ.ടി 787/2015 തസ്വഭവ തീയതിഃ 18.03.15 ഉത്തരവ് പ്രകാരം പ്രൊഫഷണൽ ബിരുദം, പോസ്റ്റ് ഗ്രാഡ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും, പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യാമെന്ന് സർക്കാർ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇവിടെ വിതരണം ചെയ്ത 18 എണ്ണവും സ്കൂൾ വിദ്യാർത്ഥികൾക്കാണ് വിതരണം ചെയ്തത്. ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. 16.08.2016 ലെ ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ മീറ്റിംഗിൽ പട്ടികജാതി ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യാമെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച

ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കമ്മറ്റി യോഗതീരുമാനം തന്നെ 2016-17 വർഷത്തേക്ക് മാത്രമാണ് ബാധകമാവുക. 2015-16 വർഷം ഇത്തരത്തിൽ ലാപ്ടോപ്പ് വിതരണം ചെയ്തതിന് കാരണം വ്യക്തമല്ല.

2)ഡി.ജി.എസ്.ഡി നിരക്കുള്ള ലാപ്ടോപ്പ് ടെൻഡർ മുഖേന വാങ്ങുമ്പോൾ, ടെൻഡറിന്റെ കൂടെ സ്ഥാപനം വ്യക്തമാക്കിയ സ്പെസിഫിക്കേഷൻ തന്നെയാണോ ലാപ്ടോപ്പ് വിതരണം ചെയ്തതിലും എന്ന് സാങ്കേതികക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയതായി കാണുന്നില്ല.

3) സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയപ്പോൾ പെർഫോമൻസ് സെക്യൂരിറ്റി 5% തുക ഒടുക്കിയതിന്റെ വിശദാംശം ഫയലിലില്ല.

4)03.07.2012 ലെ (സാധാ)1838/2012/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക - 7 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഐ.കെ.എം.നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് ഡി.ജി.എസ്.&ഡി. റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങേണ്ടതാണ്. കൂടാതെ പൊതു ടെൻഡറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന സർക്കാർ ഉത്തരവ് (സാധാ)159/2012/ത.സ്വ.ഭ.വ തിയ്യതി 16.01.2012, ഖണ്ഡിക 3(ii) റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്.

സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/9.12.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 4,33,030/- രൂപ (3,33,690 രൂപ + 99,340 രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 വി ഇ ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകത

(ഓഡിറ്റ് എൻക്വയറി നം. 06/09.12.2016)

വി. ഇ. ഒ. നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I . പ്രോജക്ട് നം - 09/2016 വീട് പുനരുദ്ധാരണം (വനിത)

വകയിരുത്തൽ - വികസന ഫണ്ട് (സാധാ) 4,64,500/-

ട്രഷറി ബിൽ നം. - 14/2015-16 തീ. 30.03.2016 രൂപ 1,00,000/-

a). അന്തിമ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാനത്തിന്റെ മിനുട്ട്സ് പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പേരുകൾ രേഖപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.(09.07.2015 ലെ 57/2015 നം. തീരുമാനം).പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച വ്യക്തികൾക്ക് മിക്കവർക്കും ധനസഹായം നൽകിയതായും കാണുന്നില്ല. ആയതിനാൽ തൊട്ടു താഴെയുള്ളവരെ പരിഗണിക്കുന്നതിനായി ഇവർ നൽകിയ സമ്മത പത്രം പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

b). എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആദ്യ ഗഡുവായി 50% അനുവദിക്കാവുവെന്ന് (പരമാവധി 12,500/-) പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ആകെയുള്ള 47 പേരിൽ 8പേർക്ക് 12,500/- രൂപ വീതം വിതരണം ചെയ്തിട്ടുണ്ടെങ്കിലും യാതൊരു ഗുണഭോക്താവിന്റെ എസ്റ്റിമേറ്റും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 12 | പി. ശാരദ | 12,500/- |
| 14 | സുശീല. കെ. പി. | 12,500/- |

| | | |
|---|---|---|
| 16 | ശ്രീജ .എം. | 12,500/- |
| 20 | സരോജിനി. ഒ. കെ. | 12,500/- |
| 25 | മറിയുമ്മ. വി. പി. | 12,500/- |
| 26 | നാരായണി. ഒ. | 12,500/- |
| 29 | പാറു .പി.വി. | 12,500/- |
| 39 | ടി. വി .സരോജിനി . | 12,500/- |
| ആകെ | | 1,00,000/- |

II. പ്രോജക്റ്റ് നം - 11/2016 വൃദ്ധർക്കായുള്ള വീട് പുനരുദ്ധാരണം

വകയിരുത്തൽ - വികസന ഫണ്ട് (സാധാ) 3,25,000/-

ട്രഷറി ബിൽ നം. - 12/2015-16 തീ.30.03.2016 രൂപ 1,37,500/-

a). അന്തിമ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാനത്തിന്റെ മിനുട്ട്സ് പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പേരുകൾ രേഖപ്പെടുത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.(09.07.2015 ലെ 57/2015 നം. തീരുമാനം).പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച വ്യക്തികൾക്ക് മിക്കവർക്കും ധനസഹായം നൽകിയതായും കാണുന്നില്ല. ആയതിനാൽ തൊട്ടു താഴെയുള്ളവരെ പരിഗണിക്കുന്നതിനായി ഇവർ നൽകിയ സമ്മത പത്രം പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

b). എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആദ്യ ഗഡുവായി 50% അനുവദിക്കാവൂവെന്ന് (പരമാവധി 12,500/-) പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ആകെയുള്ള 48പേരിൽ 9 ഗുണഭോക്താക്കൾക്ക് 12,500/- രൂപ വീതവും പ്രവൃത്തി മുഴുവനായും പൂർത്തിയാക്കിയ ഒരു ഗുണഭോക്താവിന് മുഴുവൻ തുകയായ 25,000/- രൂപയും വിതരണം ചെയ്തിട്ടുണ്ടെങ്കിലും യാതൊരു ഗുണഭോക്താവിന്റെ എസ്റ്റിമേറ്റും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| അന്തിമ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | കുറിപ്പ് |
|---|---|---|---|
| 3 | ബി. പി. കൃഷ്ണൻ. | 12,500/- | |
| 4 | കെ. വി.ലക്ഷ്മി. | 25,000/- | എസ്റ്റിമേറ്റോ അന്തിമ മൂല്യ നിർണ്ണയ സാക്ഷ്യ പത്രമോ ഹാജരാക്കിയിട്ടില്ല |
| 6 | പി. പി. പാറു. | 12,500/- | |
| 7 | പി. വി. രാമൻ. | 12,500/- | |
| 9 | മുഹമ്മദലി .കെ. | 12,500/- | |
| 10 | നാരായണി.എം.വി. | 12,500/- | |
| 11 | അസ്സിനാർ. ടി. കെ. | 12,500/- | |
| 14 | സൈനബ .പി. | 12,500/- | |
| 15 | മെട്ടമ്മൽ കല്ല്യാണി | 12,500/- | |
| 18 | നാരായണി.പി.പി. | 12,500/- | |

| | | |
|---|---|---|
| ആകെ | 1,37,500/- | |

എസ്റ്റിമേറ്റിന്റേയും വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റേയും അഭാവത്തിൽ പ്രവൃത്തി യഥാർത്ഥത്തിൽ നടന്നിട്ടുണ്ടോ എന്ന കാര്യത്തിൽ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

III. ഇ. എം .എസ് .ഭവന പദ്ധതി പ്രകാരം പണി പൂർത്തിയാക്കാൻ അവശേഷിക്കുന്ന 38 വീടുകളുടെ പ്രവൃത്തി പൂർത്തിയാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാസറഗോഡ് ജില്ല പഞ്ചായത്ത് | 2015-16 | 1,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടു ണ്ട്.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സി.എച്ച് ബീച്ച് റോഡ് മുതൽ അമ്പലം വരെ ലൈൻ വലിച്ച് തെരുവ് വിളക്ക്സ്ഥാപിക്കൽ | 38/17-11-15 | 99,343 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 99,343 |
| കെ.എസ്. ഇ.ബി | മാടക്കൽ സെൻട്രൽ മുതൽ ഉക്കു പാലം വരെ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 10/30-06-15<br>11/30-06-15 | 50,000<br>1,00,000 | 1,50,000 | - |
| കെ.എസ്. ഇ.ബി | കന്നുവീട് കാലിച്ചാൻ കടവ് മുതൽ തെക്കോട്ട് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 12/30-06-15<br>13/30-06-15 | 20,848<br>79,152 | 1,00,000 | - |

| | | | | | |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ (2014-15അധിക തുക നൽകൽ) | 6/16-06-15 | 19,334 | 19,334 | - |
| കെ.എസ്. ഇ.ബി | വലിയ പറമ്പ പാലം മുതൽ തെക്കോട്ട് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 14/30-06-15 | 50,000 | 50,000 | - |
| കെ.എസ്. ഇ.ബി | ഇടയിലക്കാട് മുതൽ വലിയപറമ്പ പാലം വരെ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 17/30-06-15 | 2,00,000 | 2,00,000 | - |
| കെ.എസ്. ഇ.ബി | ഇടയലക്കാട് ബണ്ട് മുതൽ ശ്മശാനം വരെ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 9/30-06-15 | 25,000 | 25,000 | - |
| കെ.എസ്. ഇ.ബി | തയ്യിൽ സൗത്ത് കടവിലേക്ക് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 15/30-06-15 | 22,081 | 22,081 | - |
| കെ.എസ്. ഇ.ബി | പട്ടേൽ കടപ്പുറം ശ്രീധരന്റെ മുതൽ തെക്കോട്ട് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 37/17-11-15 | 33,367 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 33,367 |
| കെ.എസ്. ഇ.ബി | KGB- കൃഷിഭവൻ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 53/19-01-16<br>63/23-02-16 | 1,00,000<br>8,840 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1,08,840 |

## **4-3** <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.</u>

ഇല്ല.

## **4-4** <u>വായ്പ/ വായ്പ തിരിച്ചടവ്</u>

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ .നം. 423/10തസ്വഭവ . തി.09-02-10 | 74,80,500 | 30,24,000 | 11,56,247 | - | 18,67,753 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 16 | 2005-06 | 95 | KWA, KSEB എന്നി വയിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 11 | 2005-06 | 95 | തൃക്കരിപ്പൂർ കടപ്പുറം രാമന്തളി മരപ്പാലം നിർമ്മാണം- ചെലവ് രേഖകൾ ഹാജരാക്കാത്തത് | തീർപ്പാക്കിയിട്ടില്ല |
| 2011-12 ശിശുക്ഷേമ പദ്ധതികൾ -പ്രവർത്തന ക്ഷമത റിപ്പോർട്ട് | - | 2011-12 | 3-3-6 | അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | തീർപ്പാക്കിയിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹1,76,50,242 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,45,52,741 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹14,465 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 22.392 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹12,79,860 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | ₹14,465 | - | അനിൽ കുമാർ.എൻ.എം, സെക്രട്ടറി |
| 3-8 | - | ₹22,392 | കവിത.എം , അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | ₹5,17,930 | അനിൽ കുമാർ എൻ.എം, സെക്രട്ടറി |
| 3-5 | ₹3,28,900 | കെ.പി.ശ്രീധരൻ, സെക്രട്ടറി |
| 3-9 | ₹4,33,,030 | രവീന്ദ്രൻ.ടി.വി , ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽ കുമാർ. എൻ.എം, സെക്രട്ടറി | സെക്രട്ടറി ,വലിയപറമ്പ ഗ്രാമ പഞ്ചായത്ത് | അനിൽ കുമാർ എൻ.എം, നാരായണമംഗലം , കാരന്തട്ട്.പി.ഒ. രാമന്തളി , കണ്ണൂർ ജില്ല. |
| കവിത.എം, | അസിസ്റ്റന്റ് എഞ്ചിനിയർ, | മാവില ഹൗസ്, കാറമേൽ, |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | പടന്ന ഗ്രാമ പഞ്ചായത്ത് | അന്നൂർ പി.ഒ, കണ്ണൂർ ജില്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | നം.എൽ.എഫ്.കെ.എസ്.ഡി 14/1924 /81 / തിയ്യതി 07.12.1981 | 10 |
| 1979-80 | നം.എൽ.എഫ്.കെ.എസ്.ഡി 14/43 /83 / തിയ്യതി 15.03.88 | 10 |
| 1980-81 | നം.എൽ.എഫ്.കെ.എസ്.ഡി 8/1233 /84 / തിയ്യതി 05.09.84 | 23 |
| 1981-82 | നം.എൽ.എഫ്.കെ.എസ്.ഡി8 /1625 /86 / തിയ്യതി 05.11.86 | 29 |
| 1982-83 | നം.എൽ.എഫ്.കെ.എസ്.ഡി 2/ 931/88 / തിയ്യതി 03.03.89 | 9 |
| 1983-84 | നം.എൽ.എഫ്.കെ.എസ്.ഡി 7/222 /89 / തിയ്യതി.06.07.89 | 17 |
| 1984-85 | നം.എൽ.എഫ്.കെ.എസ്.ഡി 7/469 /90 / തിയ്യതി 12.09.90 | 14 |
| 1985-86 | നം.എൽ.എഫ്.കെ.എസ്.ഡി 7/73 /91 / തിയ്യതി 30.05.91 | 9 |
| 1986-87 | നം.എൽ.എഫ്.കെ.എസ്.ഡി 7/517 /92 / തിയ്യതി. 08.05.92 | ------- |
| 1987-88 to 1990-91 | നം.എൽ.എഫ്.കെ.എസ്.ഡി 5/49 /99 / തിയ്യതി 13.06.2000 | 10 |
| 1991-92 to 1995-96 | നം.എൽ.എഫ്.കെ.എസ്.ഡി 4/605 /05 / തിയ്യതി. 02.01.2007 | 1 |
| 1996-97 (expenditure) | നം.എൽ.എഫ്.കെ.എസ്.ഡി 5/480 /98 / തിയ്യതി. 08.01.02 | --------- |
| 1997-98 plan | നം.എൽ.എഫ്.കെ.എസ്.ഡി 4/818 /03 / തിയ്യതി 11.05.05 | ----------- |
| 1998-99 plan | നം.എൽ.എഫ്.കെ.എസ്.ഡി 4/819 /03 / തിയ്യതി 10.05.05 | --------- |
| 1996-97 | നം.എൽ.എഫ്.കെ.എസ്.ഡി4 /611 /05 / തിയ്യതി 19.02.07 | -------- |
| 1997-98 | നം.എൽ.എഫ്.കെ.എസ്.ഡി 4/177 /07 / തിയ്യതി.17.08.07 | --------- |
| 1998-99 | നം.എൽ.എഫ്.കെ.എസ്.ഡി 3/175 /07 / തിയ്യതി 17.08.07 | --------- |
| 1999-2000 | നം.എൽ.എഫ്.കെ.എസ്.ഡി 11/820 /03 / തിയ്യതി 10.05.05 | --------- |

| | | |
|---|---|---|
| 2000-01 | നം.എൽ.എഫ്.കെ.എസ്.ഡി 4/ 382/ 11/ തിയ്യതി 12.10.11 | ---------- |
| 2001-02 | നം.എൽ.എഫ്.കെ.എസ്.ഡി 4/93 /03 / തിയ്യതി 12.10.11 | ----------- |
| 2002-03 | നം.എൽ.എഫ്.കെ.എസ്.ഡി 3/107 /09 / തിയ്യതി 25.08.09 | 8 |
| 2003-04 | നം.എൽ.എഫ്.കെ.എസ്.ഡി 3/108 /09 / തിയ്യതി 27.08.09 | 12 |
| 2004-05 | നം.എൽ.എഫ്.കെ.എസ്.ഡി 3/ 109/09 / തിയ്യതി 14.09.09 | 17 |
| 2005-06 | നം.എൽ.എഫ്.കെ.എസ്.ഡി /3 /312 /10 തിയ്യതി 17.09.09 | 12 |
| 2006-07 | നം.എൽ.എഫ്.കെ.എസ്.ഡി 3/ 313/10 / തിയ്യതി 17.09.10 | 6 |
| 2007-08 | നം.എൽ.എഫ്.കെ.എസ്.ഡി 4/ 400/11 / തിയ്യതി 14.12.11 | 3 |
| 2008-09 | നം.എൽ.എഫ്.കെ.എസ്.ഡി 3/ 126/12 / തിയ്യതി.0 9.08.12 | 17 |
| 2009-10 | നം.എൽ.എഫ്.കെ.എസ്.ഡി 3/ 101/12 / തിയ്യതി. 09.08.12 | 18 |
| 2010-11,2011-12 | നം.എൽ.എഫ്.കെ.എസ്.ഡി 7/110 /14 / തിയ്യതി 13.08.14 | 16 |
| 2012-13,2013-14 | നം.എൽ.എഫ്.കെ.എസ്.ഡി 8/508 /15 / തിയ്യതി 07.10.15 | 4 |
| 2014-15 | നം.കെ.എസ്.എ.കെ.എസ്.ഡി– 9/796 /16 / തിയ്യതി 29.07.16 | 14 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
കാസറഗോഡ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ-കെ.എസ്.ഡി-9/2 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

E-mail:- doksd.ksad@kerala.gov.in

തീയതി.05-01-2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ വലിയ പറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA-KSD/9/2/2017

Kerala State Audit Department

District Audit Office,Kasaragod – 671123

E-mail:- doksd.ksad@kerala.gov.in

Dated :05.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Valiyaparamba Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Valiyaparamba Grama Panchayat for the year 2015-16, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod